## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4930 | 14-11-2019 -ൽ മറുപടിക്ക്

### പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾക്ക്, വീടിന്റെയും വീട്ടുസാധനങ്ങളുടെയും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും അപ്പീലുകൾ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | എ) & ബി) | 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾക്ക്, വീടിന്റെയും വീട്ടുസാധനങ്ങളുടെയും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും അപ്പീലുകൾ ലഭിച്ചിട്ടില്ല. 23.07.2019 തീയതിയിലെ സ.ഉ.(കൈ) നം.20/19/ഡി.എം.ഡി. ഉത്തരവ് പ്രകാരം വീടുകളുടെ structural damage മാത്രം കണക്കാക്കിയാണ് നാശനഷ്ടത്തിന്റെ തോത് നിർണ്ണയിക്കേണ്ടത് എന്നും വീടിന്റെ വാല്യൂ വീട്ടിലെ വസ്തുക്കളുടെ വാല്യൂ എന്നിവ ദുരിതാശ്വാസ ധനസഹായത്തിന് പരിഗണിക്കേണ്ടതില്ലാത്തതാണ് എന്നും ഉത്തരവിൽ പരാമർശിക്കുന്നു. |
| ബി) | എങ്കിൽ പ്രസ്തുത അപ്പീലുകളിന്മേൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ